## 564

നീയെന്നും എൻ രക്ഷകൻ ഹാ! ഹാ!
നീ മതിയെനിക്കെല്ലാമായ് നാഥാ!
നിന്നിൽ ചാരുന്ന നേരത്തിൽ നീങ്ങുന്നെൻ വേദനകൾ

1 നീയല്ലാതെൻ ഭാരം താങ്ങുവാനായ് ഇല്ലെനിക്കാരുമേ
നിൻകൈകളാലെൻ കണ്ണീർ തുടയ്ക്കും നീയെന്നെ കൈവിടാ-

2 തീരാത്ത ദുഃഖവും ഭീതിയുമാധിയും തോരാത്ത കണ്ണീരും
പാരിതിലെന്റെ പാതയിലേറും നേരത്തും നീ മതി-

3 എന്നാശ തീർന്നങ്ങു വീട്ടിൽ വരുംനാൾ എന്നാണെൻ നാഥനേ!
അന്നാൾ വരെയും മന്നിൽ നിൻവേല നന്നായി ചെയ്യും ഞാൻ- **C.J.**